പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.287 — 04.06.2018 ൽ മറുപടിക്ക്

## ചങ്ങനാശ്ശേരി ജനറൽ ആശുപത്രിലെ ക്യാൻസർ ഡിറ്റക്ഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.സി.എഫ്.തോമസ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ക്യാൻസർ ഡിറ്റക്ഷൻ പദ്ധതി നേരത്തെ തന്നെ നടപ്പിലാക്കിയിരിന്നോ; | (എ) & (ബി) | ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിൽ 2010-11 വർഷത്തിൽ ഗൈനക്കോളജി വിഭാഗത്തോടനുബന്ധിച്ച് ഗർഭാശയ ക്യാൻസർ രോഗനിർണ്ണയ ക്ലിനിക് ആരംഭിച്ചിട്ടുണ്ട്. ഗർഭാശയ ക്യാൻസർ നിർണ്ണയിക്കുന്നതിനുള്ള "പാപ്സ്മിയർ" പരിശോധന, എൻഡോമെട്രിയൽ ബയോപ്സി, സ്തനാർബുദ രോഗ നിർണ്ണയം തുടങ്ങിയ പരിശോധന സംവിധാനം, ക്ലിനിക് എന്നിവ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. ശേഖരിക്കുന്ന സാമ്പിളുകൾ കോട്ടയം മെഡിക്കൽ കോളേജ് പാത്തോളജി വിഭാഗത്തിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇപ്പോൾ ഈ പദ്ധതിയിൽ എന്തൊക്കെ പ്രവർത്തികളാണ് നടക്കുന്നത് ;വിശദാംശം വെളിപ്പെടുത്തുമോ; | | |
| (സി) | ഈ പദ്ധതി വിപുലീകരിച്ച് സാധാരണക്കാർക്ക് ആശ്വാസം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഭൗതിക സാഹചര്യവും, വൈദഗ്ദ്ധ്യവും ഉറപ്പാക്കിക്കൊണ്ട് ഈ കേന്ദ്രം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ